# പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 231** **19/12/2012 ൽ മറുപടിക്ക്**

**ന്യായവില്പന മരുന്നുകൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. കെ. രാജു | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
| --- | --- | --- | --- |
| (എ) | ന്യായവില്പന മരുന്നുകൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം; | (എ) | മരുന്നുകൾ ന്യായവില്പന ലഭ്യമാക്കുന്നതിനുവേണ്ടിയാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ നിലവിൽ വന്നത്. തിരുവനന്തപുരത്ത് മെഡിക്കൽ കോളേജിലും, കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിലും ടി ഫാർമസികൾ ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ കേരളത്തിലെ എല്ലാ ജില്ലകളിലും ഒരു ഫാർമസിയെങ്കിലും തുറക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഫാർമസികളിൽ നിന്നും മരുന്നുകൾ, പൊതുവിപണിയിലുള്ളതിനേക്കാൾ 20 മുതൽ 90 ശതമാനം വരെ വിലക്കിഴിവിൽ പൊതുജനങ്ങൾക്ക് ലഭ്യമാണ്. |
| (ബി) | കാരുണ്യ ഫാർമസിയുടെ പ്രവർത്തനം ആരംഭിച്ചതെന്നാണ്; ഈ ഫാർമസിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | 2012 ജനുവരി മാസം 12 – ാം തിയതി തിരുവനന്തപുരം മെഡിക്കൽ കോളേജിലും, 2012 ജൂൺ മാസം 09–ാം തിയതി കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഫാർമസികളിൽ എല്ലാം കൂടി ഒരു ദിവസം ശരാശരി 5 ലക്ഷം രൂപ വരെ വിറ്റുവരവ് വരുന്നുണ്ട്. കൂടാതെ ചില സർക്കാർ ആശുപത്രികളിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന ഫാർമസികൾക്ക് ഹോൾസെയിൽ നിരക്കിൽ മരുന്നുകൾ നൽകുന്നുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസികൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. |
| (സി) | മരുന്ന് സംഭരിക്കാനുള്ള സൗകര്യവും മറ്റും നൽകുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; ഇത് പദ്ധതിയെ തകിടം മറിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുമോ? | (സി) | ഇല്ല. ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിലേക്കാവശ്യമായ മരുന്നുകൾ സംഭരിക്കുന്നതിലേക്കായി തിരുവനന്തപുരം മെഡിക്കൽ കോളേജിലും, എറണാകുളം ജനറൽ ആശുപത്രിയിലും മരുന്നു ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മരുന്ന് സംഭരിക്കുന്നതിലേക്കായി വെയർ ഹൌസുകൾ വാടകയ്ക്കെടുത്തും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ